## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4449 25.06.2019 ൽ മറുപടി നൽകേണ്ടത്.

### സ്പെഷ്യൽ സ്കൂളുകൾ നേരിടുന്ന പ്രയാസങ്ങൾ.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റോജി.എം.ജോൺ | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) യും (ബി) യും | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് 09.02.2016 ലെ സ.ഉ. (എം.എസ്) നം.38/2016/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 01.01.16 മുതൽ 30.04.16 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുന:പരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുന:പരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.11.17ന് കൂടിയ യോഗ തീരുമാന പ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് സാമൂഹ്യനീതി വകുപ്പ് മുഖേന തയ്യാറാക്കുകയും പ്രസ്തുത പാക്കേജ് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09.08.2018ന് ചേർന്ന യോഗത്തിൽ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് മുഖേന തുടർ നടപടി സ്വീകരിച്ചു വരികയാണ്. |
| (ബി) | 2015ൽ സ്പെഷ്യൽ സ്കൂൾ ഘട്ടം ഘട്ടമായി എയ്ഡഡ് ആക്കാനുള്ള ഉത്തരവിലെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; എത്ര എണ്ണം എയ്ഡഡ് ആയെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | അങ്കമാലി നിയോജക മണ്ഡലത്തിലെ സ്പെഷ്യൽ സ്കൂളുകളുടെ (എയ്ഡഡ്/ അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള) ലിസ്റ്റ് ലഭ്യമാക്കാമോ; | (സി) | **എയ്ഡഡ് സ്പെഷ്യൽ സ്കൂൾ**<br>1. സെന്റ് ക്ലെയർ ഓറൽ സ്കൂൾ ഫോർ ഡെഫ്, മാണിക്കമംഗലം<br>**പി.ഡബ്ല്യൂ.ഡി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്കൂളുകൾ**<br>1. അൽഫോൺസ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, കിടങ്ങൂർ<br>2. അൽഫോൺസ് സദൻ സ്കൂൾ ഫോർ മെന്റലി ചലഞ്ച്ഡ്, കിടങ്ങൂർ<br>3. സ്നേഹ സദൻ സ്പെഷ്യൽ സ്കൂൾ, പൊതിയേക്കര<br>4. സെന്റ് ആന്റണീസ് സ്പെഷ്യൽ സ്കൂൾ, ചുള്ളി |
| (ഡി) | നിലവിൽ എയ്ഡഡിലും സ്വകാര്യ സ്കൂളുകളിലും മാനസികവും ശാരീരികവുമായി വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് നൽകി വരുന്ന സംവിധാനങ്ങൾ എന്തെല്ലാമെണെന്ന് വിശദമാക്കാമോ; | (ഡി) | സംസ്ഥാനത്ത് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സർക്കാർ/ എയ്ഡഡ് മേഖലയിൽ സ്കൂളുകൾ നിലവിലില്ല. എൻ.ജി.ഒ കളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തിവരുന്ന സ്കൂളുകളാണ് പ്രസ്തുത മേഖലയിൽ പ്രവർത്തിച്ച് വരുന്നത്. തിരുവനന്തപുരം പാങ്ങപ്പാറയിൽ സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് എന്ന സ്വയംഭരണ സ്ഥാപനം സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്നുണ്ട്. സ്പെഷ്യൽ സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ എല്ലാ വർഷവും സാമ്പത്തിക സഹായം നൽകി വരുന്നു. 2019-20 വർഷം 14.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഇ) | അങ്കമാലി നിയോജക മണ്ഡലത്തിൽ പരിശോധന പൂർത്തീകരിച്ചതും എന്നാൽ സഹായം നൽകാത്തതുമായ ഇത്തരം സ്ഥാപനങ്ങൾ | (ഇ) | സ്പെഷ്യൽ സ്കൂളുകൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പ് വകയിരുത്തിയിട്ടുള്ള 14.50 കോടി രൂപയിൽ നിന്നും 2019-20 സാമ്പത്തിക വർഷം പുതുക്കിയ വ്യവസ്ഥകൾക്ക് |

| | | | |
|---|---|---|---|
| | നടത്തിക്കൊണ്ട് പോകുന്നതിന് നിത്യ ചെലവിന് മതിയായ സഹായങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കമോ; | | വിധേയമായി ധനസഹായം നൽകുന്നുണ്ട്. |
| (എഫ്) | നിലവിൽ ഇത്തരം സ്ഥാപനങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാമോ? | (എഫ്) | സ്പെഷ്യൽ സ്കൂളുകൾക്കുവേണ്ടിയുള്ള ഒരു സമഗ്ര പാക്കേജ് നടപ്പാക്കുന്നതിനുള്ള നടപടികൾ സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ